بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 08-10-2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**
**യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## നബി(സ)തിരുമേനിയുടെ റാഷിദ് ഖലീഫ മഹാനായ ഫാറൂഖ് ഹദ്റത്ത് ഉമറുബ്നു ഖത്വാബ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിവരണം.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു,

ഹദ്റത്ത് ഉമർ(റ)ന്റെ കാലത്തെ വിജയങ്ങളെക്കുറിച്ചായിരുന്നു വിവരിച്ചിരുന്നത്. അല്ലാമാ ശിബ്‌ലി നുഅ്മാനി, ഹദ്റത്ത് ഉമർ(റ)ന്റെ വിജയങ്ങളെയും അതിന്റെ കാര്യകാരണങ്ങളെയും കുറിച്ച് പരാമർശിച്ചുകൊണ്ട് എഴുതുന്നു; ഒരു ചരിത്രകാരന്റെ ഹൃദയത്തിൽ പെട്ടെന്നൊരു ചോദ്യമുയർന്നേക്കാം. അതായത്, മരുഭൂനിവാസികളായ ഏതാനും ആളുകൾ പേർഷ്യൻ, റോമൻ ഭരണകൂടങ്ങളെ എങ്ങനെ കീഴ്മേൽ മറിച്ചു? ഇതൊരു ഒറ്റപ്പെട്ട സംഭവമായിരുന്നോ? ഈ വിജയങ്ങളെ അലക്സാണ്ടറിന്റെയും ചങ്കിസ്ഖാന്റെയും വിജയങ്ങളോട് സാദൃശ്യപ്പെടുത്താൻ സാധിക്കുമോ?

ഹദ്റത്ത് ഉമർ(റ)ന്റെ അധീനതയിലുള്ള പ്രധാന രാജ്യങ്ങളുടെ വിസ്തൃതി ഇരുപത്തിരണ്ടു ലക്ഷത്തി അമ്പത്തിയൊന്നായിരത്തി മുപ്പത് ചതുരശ്രമൈൽ ആയിരുന്നു. ഈ വിജയങ്ങളെക്കുറിച്ച് യൂറോപ്യൻ ചരിത്രകാരന്മാരുടെ അഭിപ്രായം ആ സമയത്ത് പേർഷ്യയുടെയും റോമിന്റെയും പ്രൗഢിയും പ്രതാപവും നഷ്ടപ്പെട്ടിരുന്നു എന്നതാണ്. ഖുസ്റു പർവേസിനുശേഷം പേർഷ്യയുടെ ഭരണവ്യവസ്ഥിതി തികച്ചും തകർന്നു തരിപ്പണമായിരുന്നു. നൗശേർവാനു അല്പം മുൻപ് നാസ്തികരും നിർമതരുമായ മസ്ദാകിസ്റ്റുകാരുടെ ആധിപത്യമായിരുന്നു. അത്യാഗ്രഹം വെടിയുക എന്ന ആദർശത്തിനായി അവർ എല്ലാ സ്വത്തുക്കളും പൊതുമുതലായി കരുതിയിരുന്നു. സ്ത്രീകളെയും പൊതുസ്വത്തായി കണക്കാക്കിയിരുന്നു. അക്കൂട്ടർക്കും അതുപോലെ തന്നെ നസ്തോരിയൻ ക്രിസ്ത്യാനികൾക്കും ഒരു ഭരണകൂടത്തിന്റെ കീഴിലും അഭയം ലഭിച്ചിരുന്നില്ല. മുസ്‌ലിംകൾ മതവിശ്വാസ കാര്യങ്ങളിൽ സഹിഷ്ണുത കാണിക്കുന്നവരായിരുന്നു. വളരെ കാലമായി അതിക്രമങ്ങൾക്ക് ഇരകളായിരുന്ന ഇരു വിഭാഗങ്ങളും ഇസ്‌ലാമിന്റെ തണലിൽ വന്നുകൊണ്ട് എതിരാളികളുടെ അതിക്രമങ്ങളിൽ നിന്നും സുരക്ഷിതരായി.

റോമൻ ഭരണകൂടത്തെ സംബന്ധിച്ച് യൂറോപ്യൻ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത് ക്രിസ്തുമതം രൂക്ഷമായ ആഭ്യന്തര കലാപങ്ങളിലും അഭിപ്രായ ഭിന്നതകളിലുമായിരുന്നെന്നും അതിനാൽ ഭരണകൂടം ദുർബലമായിപ്പോയിരുന്നെന്നും അക്കാരണത്താലാണ് മുസ്‌ലീങ്ങൾക്ക് അവിടെ യുദ്ധവിജയം ലഭിച്ചതെന്നുമാണ്. എന്നാൽ അല്ലാമാ ശിബ്‌ലി ഇതിനെ നിഷേധിച്ചുകൊണ്ടു പറയുന്നു; ആ സമയത്ത് പേർഷ്യൻ റോമൻ ഭരണകൂടങ്ങളുടെ പ്രൗഢിയും പ്രതാപവും ഉച്ചസ്ഥായിലായിരുന്നില്ലെന്നത് നേരു തന്നെ. എന്നു കരുതി നിരായുധരും സാധനസാമഗ്രികളൊന്നുമില്ലാത്ത അറബികളെപ്പോലൊരു ജനതയോട് ഏറ്റുമുട്ടിയാൽ തകർന്ന് തരിപ്പണമാകാൻ മാത്രം അവർ ബലഹീനരായിരുന്നില്ല. റോമാക്കാരും പേർഷ്യക്കാരും യുദ്ധത്തിൽ വിദഗ്ദരായിരുന്നു. വിവിധയിനം യുദ്ധക്കോപ്പുകൾ അവർക്കുണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് തങ്ങളുടെ കോട്ടകൾക്കുള്ളിൽ നിന്നും കിടങ്ങുകളും മറ്റും ഉപയോഗിച്ചുള്ള സുരക്ഷിത സങ്കേതങ്ങളിൽ നിന്നും യുദ്ധം ചെയ്തു രാജ്യത്തെ സംരക്ഷിക്കാമാക്കാമായിരുന്നു.

മറുവശത്ത് അറബികളുടെ അംഗസംഖ്യ ഒരുലക്ഷത്തിൽ താഴെയായിരുന്നു. അന്നുണ്ടായിരുന്ന ആധുനിക ആയുധസാമഗ്രികൾ അവരുടെ പക്കലുണ്ടായിരുന്നില്ല. നവീന യുദ്ധതന്ത്രങ്ങളെക്കുറിച്ച് അവർ അജ്ഞരുമായിരുന്നു. ചുരുക്കത്തിൽ, അവരുടെ വിജയ രഹസ്യമെന്തായിരുന്നു എന്ന ചോദ്യത്തിനുള്ള മറുപടിയിതാണ് ; ഇസ്‌ലാമിന്റെ പ്രവാചകൻ(സ) മുഖേന മുസ്‌ലിംകൾക്കുള്ളിൽ ഉയർന്ന നിലയിൽ ആവേശവും നിശ്ചയദാർഢ്യവും സ്ഥിരചിത്തതയും ധൈര്യവും ആർജവവും ഉണ്ടായിരുന്നു. അവയ്ക്ക് ഹദ്റത്ത് ഉമർ(റ) കൂടുതൽ മാറ്റുകൂട്ടുകയും ചെയ്തു. മുസ്‌ലിംകളുടെ സത്യസന്ധതയും വിശ്വസ്തതയും ഭരണത്തിൽ അവർക്കു മുതൽക്കൂട്ടായി. അതുകാരണം പൊതുജനവികാരവും അവരോടൊപ്പമായിരുന്നു. ഇറാഖിലെയും സിറിയയിലെയും പ്രമാണികളും ഭരണകൂടത്തിലെ പ്രമുഖരും അവരുടെ സൽസ്വഭാവവും പെരുമാറ്റവും കണ്ടുകൊണ്ട് മുസ്‌ലിംകളായി. ആയതിനാൽ അതിനെ അലക്സാണ്ടറിന്റെയും ചങ്കിസ്ഖാന്റെയും വിജയങ്ങളുമായി താരതമ്യപ്പെടുത്തുന്നത് തികച്ചും അനുചിതമാണ്. അവർ രണ്ടുപേരും ഭീതി പടർത്തിയും അക്രമവും കൂട്ടക്കൊലയും നടത്തിയുമാണ് വലിയ യുദ്ധവിജയങ്ങൾ നേടിയത്. എന്നാൽ മുസ്‌ലിംകൾ സത്യസന്ധത, സഹിഷ്ണുത, നീതിബോധം എന്നിവ മുഖേനപൊതുജനങ്ങളുടെ ഹൃദയങ്ങളെ ജയിച്ചവരാണ്. ചങ്കിസ്ഖാൻ, നെബൂഖദ് നേസർ, തൈമൂർ, നാദിർ ശാഹ് തുടങ്ങിയവർ രക്തദാഹികളായിരുന്നു. എന്നാൽ ഹദ്റത്ത് ഉമർ(റ)ന്റെ വിജയങ്ങൾ നീതിയും നിയമങ്ങളും ലംഘിച്ചു കൊണ്ടുള്ളതായിരുന്നില്ല. മൃതദേഹങ്ങളെ വികൃതമാക്കുക, കുട്ടികളെ വധിക്കുക, ആജ്ഞാലംഘനം, കൂട്ടക്കൊല എന്നിവ പോയിട്ട് ഒരു മരം വെട്ടാൻ പോലും അനുവാദം ഉണ്ടായിരുന്നില്ല.

ആശ്ചര്യകരമായ ഫാറൂഖി വിജയങ്ങളെ വിലകുറിച്ചു കാണിക്കാനായി ലോകത്ത് വേറെയും ലോകവിജയികൾ ഉണ്ടായിട്ടുണ്ടല്ലോ എന്ന് പറയുന്നവർക്ക്, ഇത്രമാത്രം സൂക്ഷ്മതയോടും നിയന്ത്രണങ്ങളോടും വിട്ടുവീഴ്ചയോടും കൂടി മറ്റുള്ളവരുടെ ഒരു തുണ്ട് ഭൂമിയെങ്കിലും പിടിച്ചടക്കിയിട്ടുള്ള ഒരു ഭരണാധികാരിയെങ്കിലും കാണിക്കാനാകുമോ? അലക്സാണ്ടറും ചങ്കിസ്ഖാനുമെല്ലാം നേരിട്ട് യുദ്ധങ്ങളിൽ പങ്കെടുക്കുമായിരുന്നു. എന്നാൽ ഹദ്റത്ത് ഉമർ(റ) തന്റെ ഖിലാഫത്തു കാലയളവിൽ ഒരു യുദ്ധത്തിൽപോലും നേരിട്ട് പങ്കെടുത്തിട്ടില്ല. എങ്കിലും സൈന്യത്തിന്റെ കടിഞ്ഞാൺ അദ്ദേഹത്തിന്റെ തന്നെ കൈകളിലായിരുന്നു താനും. അലക്സാണ്ടറിന്റെയും മറ്റും വിജയങ്ങൾ ഒറ്റയടിക്ക് പെയ്തൊഴിയുന്ന മഴമേഘങ്ങളെ പോലെയായിരുന്നു എന്നാൽ ഫാറൂഖി വിജയം എത്രമാത്രം പ്രബലമായിരുന്നെന്നാൽ 1300 വർഷങ്ങൾക്കിപ്പുറം ഇന്നും ആ രാജ്യങ്ങളിലെല്ലാം ഇസ്ലാമിന്റെ അധീനതയുണ്ട്.

ഈ വിജയങ്ങളിൽ മുസ്ലിംകളുടെ ആവേശവും നിശ്ചയദാർഢ്യവും വഹിച്ച അത്രയും പങ്ക് കാലത്തിന്റെ ഖലീഫക്കുണ്ടായിരുന്നില്ല എന്ന ഒരു പൊതു അഭിപ്രായമുണ്ട്. ഇതു സംബന്ധമായി അല്ലാമാ ശിബ്ലി എഴുതുന്നു; ഹദ്റത്ത് ഉസ്മാന്റെയും ഹദ്റത്ത് അലിയുടെയും(റ) കാലത്തും ഇതേ മുസ്ലിംകൾ തന്നെയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഫലമെന്തുണ്ടായി? ആവേശവും പ്രഭാവവും പ്രേരണയുമെല്ലാം മിന്നൽ പോലെ ചാലകശക്തിയാണെന്നതിൽ സംശമില്ല. എന്നാൽ അവ നിയന്ത്രിക്കുന്ന വ്യക്തിയും അതുപോലെ ശക്തനാണെങ്കിൽ മാത്രമേ അവ പ്രയോജനപ്പെടുകയുള്ളൂ. ഈ വിജയങ്ങളെല്ലാം തെളിയിക്കുന്നത് ഹദ്റത്ത് ഉമർ(റ)ന്റെ നിർദേശങ്ങളനുസരിച്ച് സൈന്യമൊന്നടങ്കം പാവകളെ പോലെ ചലിക്കുമായിരുന്നു എന്നാണ്. സൈന്യത്തെ അണിനിരത്തുക, സൈനിക അഭ്യാസങ്ങൾ, ബേരക്കുകളുടെ നിർമ്മാണം, കുതിരകളുടെ പരിപാലനം, കോട്ടകളുടെ സുരക്ഷിതത്വം, കാലാവസ്ഥയ്ക്കനുസരിച്ചുള്ള സൈനിക നീക്കം, ദൂതനെ നിശ്ചയിക്കൽ, സൈനിക ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കൽ, കോട്ട തകർക്കുവാനുള്ള ഉപകരണങ്ങൾ തിരഞ്ഞെടുക്കൽ അതുപോലെ ഇതു സംബന്ധമായ ഒട്ടനവധി കാര്യങ്ങൾ ഹദ്റത്ത് ഉമർ(റ) സ്വയം രൂപകല്പന നല്കിയതായിരുന്നു. അദ്ദേഹം അവ ശക്തിയുക്തം നിലനിർത്തുകയും ചെയ്തു. പത്തുവർഷത്തോളമുള്ള ഈ യുദ്ധങ്ങൾക്കിടയിൽ അത്യാപല്ക്കരമായ രണ്ട് സന്ദർഭങ്ങളുണ്ടായി. അതിൽ ഒന്ന് നഹാവന്ദ് യുദ്ധത്തിലും മറ്റൊന്ന് റോമൻ ഭരണാധിപതി ഖുസ്റോ ജസീറക്കാരുടെ സഹായത്തോടെ ഹോംസിനെ രണ്ടാമതും ആക്രമിച്ചപ്പോഴുമാണ്. ആ രണ്ടു യുദ്ധങ്ങളിലും ഹദ്റത്ത് ഉമർ(റ)ന്റെ ആസൂത്രണമികവ് ഒന്നുമാത്രമായിരുന്നു അലയടിച്ചുയർന്നു കൊടുങ്കാറ്റിനെ ഒതുക്കി നിർത്തിയത്. മഹാനായ ഫാറൂഖ്(റ)നു തുല്യനായി യുദ്ധവും നീതിയും ഒരുമിച്ചു പ്രാവർത്തികമാക്കിയ മറ്റൊരു ലോകജേതാവും രാജ്യാതിർത്തികൾ അടക്കി വാഴുകയും ചെയ്ത ആരും ഇതുവരെ ഉണ്ടായിട്ടില്ല.

നബി(സ)തിരുമേനി ഒരവസരത്തിൽ ഹദ്റത്ത് ഉമർ(റ)നു വേണ്ടി ദുആ ചെയ്തുകൊണ്ടു പറഞ്ഞു; പുതിയ വസ്ത്രം ധരിക്കുക. പ്രശംസാർഹമായ ജീവിതം നയിക്കുക. രക്തസാക്ഷിയുടെ മരണം വരിക്കുകയും ചെയ്യുക. നബി(സ) തിരുമേനി ഒരിക്കൽ ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉസ്മാൻ(റ) എന്നിവരോടൊപ്പം ഉഹദ് മലയിൽ കയറിയതായിരുന്നു. അപ്പോൾ അത് ഇളകാൻ തുടങ്ങി. നബി(സ)തിരുമേനി പറഞ്ഞു; അല്ലയോ ഉഹദ്, ശാന്തമാകൂ, നിന്റെമുകളിൽ ഒരു നബിയും ഒരു സിദ്ധീഖും രണ്ടു ശുഹദാക്കളുമാണുള്ളത്. മറ്റൊരവസരത്തിൽ നബി(സ) പറഞ്ഞു; ഇസ്ലാം ലോകം ഹദ്റത്ത് ഉമർ(റ)ന്റെ മരണത്തിൽ കരയുന്നതാണ്. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സ(റ) വിവരിക്കുന്നു; അവരുടെ പിതാവ് ഹദ്റത്ത് ഉമർ(റ) ഇപ്രകാരം ദുആ ചെയ്യുമായിരുന്നു, അല്ലഹുവേ എനിക്ക് നീ നിന്റെ മാർഗ്ഗത്തിൽ ശഹാദത്ത് നൽകേണമേ.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു; എന്റെ ശഹാദത്ത് മദീനയിൽ വച്ചുണ്ടാകേണമേ എന്ന് ഹദ്റത്ത് ഉമർ(റ) ദുആ ചെയ്യുമായിരുന്നു. എത്രമാത്രം ഭയാനകമായ പ്രാർഥനയായിരുന്നു അത്. അതിന്റെ അർഥം ശത്രുക്കൾ മദീന വരെ കടന്നുകയറ്റം നടത്തുകയും മദീനയുടെ തെരുവീഥികളിൽ വച്ച് ഹദ്റത്ത് ഉമർ(റ)നെ ശഹീദാക്കുകയും ചെയ്യുക എന്നതാണ്. എന്നാൽ അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥന മറ്റൊരു വിധത്തിൽ സ്വീകരിച്ചു. ഒരു മുസ്ലിം നാമധാരിയോ അതോ കാഫിറോ ആയ ഒരാളുടെ കരങ്ങളാൾ തന്നെ അദ്ദേഹം ശഹീദക്കപ്പെടുകയാണുണ്ടായത്.

ഹദ്റത്ത് ഉമർ(റ)ന്റെ ശഹാദത്തിനെ സംബന്ധിച്ച് ഹദ്റത്ത് അബൂമൂസാ അശ്അരിയ്ക്കും ഹദ്റത്ത് ഔഫിബ്നു മാലിക്കിനും സ്വപ്നദർശനമുണ്ടായിരുന്നു. അതുപോലെതന്നെ ഹദ്റത്ത് ഉമർ(റ) സ്വയം തന്റെ ശഹാദത്ത് സ്വപ്നത്തിൽ കണ്ടിരുന്നു. 23 ഹിജിരി, ദുൽഹജ്ജ 26ന് അദ്ദേഹത്തെ ഘാതകൻ ആക്രമിച്ചു പരിക്കേല്പിച്ചു. അല്പദിവസങ്ങൾക്കു ശേഷം 24 ഹിജ്രി, മുഹറം 1 ന് അദ്ദേഹത്തിന്റെ ശഹാദത്തു സംഭവിച്ചു. അന്നു തന്നെ ഖബറടക്കുകയും ചെയ്തു.

സ്വഹീഹ് ബുഖാരിയിൽ അദ്ദേഹത്തിന്റെ ശഹാദത്തിനെക്കുറിച്ചുള്ള വിവരണത്തിൽ സുബഹി നമസ്കാരത്തിനടയിൽ മുഗീറയുടെ അനറബിയായ ഒരു അടിമ ഇരുതലമൂർച്ചയുള്ള കഠാരകൊണ്ട് ആക്രമിക്കുകയായിരുന്നു. അയാൾ സ്വരക്ഷാർഥം പതിമൂന്നുപേരെ കൂടി മുറിവേല്പിച്ചു. അതിൽ ഏഴുപേർ ജീവൻ വെടിഞ്ഞു. ഹദ്റത്ത് ഉമർ(റ) മുറിവേറ്റപ്പോൾ ഇമാമത്തു നിർവ്വഹിക്കാനായി ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്(റ)നെ മുന്നിലേക്കാക്കി. അദ്ദേഹം ഹ്രസ്വമായി നമസ്കരിപ്പിച്ചു. ഹദ്റത്ത് ഉമർ(റ)നെ പള്ളിയിൽനിന്നും വീട്ടിൽകൊണ്ടുവന്നു. അവിടെവച്ച് അദ്ദേഹത്തിന് നബീദും(ഈന്തപ്പഴസത്ത്) പാലും നൽകി പക്ഷെ അത് മുറിവിലൂടെ പുറത്തേക്ക് വന്നു. അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാനാകില്ലെന്ന് ജനങ്ങൾക്ക് മനസ്സിലായി. ഒരു യുവാവ് അദ്ദേഹത്തിന്റെ മഹിമ വിവരിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു; ഇക്കാര്യങ്ങളെല്ലാം(നന്മതിന്മകൾ) തുല്യഅനുപാതത്തിൽ നില്ക്കണമെന്നാണ് ഞാൻ ആഗ്രഹിക്കു

ന്നത്. അതായത് എന്റെ കുറ്റ വിചാരണയുണ്ടാകരുത്. എനിക്ക് പ്രതിഫലവും വേണ്ട.

ഹദ്റത്ത് ഉമർ(റ) അബ്ദുല്ലാഹിബ്നു ഉമറിനെ(റ) ക്കൊണ്ട് തന്റെ പേരിലുള്ള കടം എത്രയാണെന്ന് പരിശോധിപ്പിച്ചു. അത് ഏകദേശം എൺപത്തിയാറായിരം ദിർഹം ഉണ്ടായിരുന്നു. അദ്ദേഹം അതു നല്കുന്നതിനെക്കുറിച്ചുള്ള നിർദേശം നല്കി. തുടർന്ന് ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമറിനെ(റ) ഹദ്റത്ത് ആയിഷ(റ)യുടെ അടുക്കൽ അയച്ചുകൊണ്ടു പറഞ്ഞു; ഹദ്റത്ത് ആയിഷയോട് പറയുക, ഉമറുബ്നു ഖത്വാബ് നിങ്ങളോട് അദ്ദേഹത്തിന്റെ രണ്ടു കൂട്ടുകാരുടെ അടുത്ത് മറയടക്കാൻ അനുവാദം ചോദിക്കുന്നു.

അബ്ദുല്ലാഹിബ്നു ഉമർ(റ) ഹദ്റത്ത് ആയിഷ(റ)യുടെ അടുക്കലെത്തിയപ്പോൾ അവർ കരയുകയായിരുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ സന്ദേശം കേട്ടുകൊണ്ട് ഹദ്റത്ത് ആയിഷ(റ) പറഞ്ഞു; ഞാൻ ആ ഇടം എനിക്കുവേണ്ടി കരുതി വച്ചിരിക്കുകയായിരുന്നു. എങ്കിലും ഞാൻ ഇന്ന് എന്നെക്കാൾ മുൻഗണന ഉമറിനു നല്കുകയാണ്. ഹദ്റത്ത് ആയിഷ(റ)യിൽനിന്നും അനുവാദം ലഭിച്ചതറിഞ്ഞ ഹദ്റത്ത് ഉമർ(റ) പറഞ്ഞു; അൽഹംദുലില്ലാഹ് എനിക്ക് ഇതിലുപരിയായി മറ്റൊന്നിനെയും കുറിച്ചും ആശങ്കയുണ്ടായിരുന്നില്ല.

ഹദ്റത്ത് ഉമർ(റ) ഖിലാഫത്ത് തെരെഞ്ഞെടുപ്പിനു വേണ്ടി ഹദ്റത്ത് അലി, ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് സുബൈർ,ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സഅദ്, ഹദ്റത്ത് അബ്ദുറഹ്മാനിബ്നു ഔഫ്(റ) എന്നിവരെ നാമനിർദേശം ചെയ്തു. നിയുക്ത ഖലീഫ മുഹാജിറുകളോടും അൻസ്വാറുകളോടും അതുപോലെ അറബികളോടും അനറബികളോടും അശരണരോടും സൽപ്പെരുമാറ്റം കാണിക്കണമെന്നു വസിയ്യത്ത് ചെയ്യുകയും ചെയ്തു.

ഹദ്റത്ത് ഉമർ(റ)ന്റെ വിവരണം തുടരുന്നതാണെന്ന് അറിയിച്ചശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു; ഇന്ന് ജർമൻ ജൽസ ആരംഭിക്കുകയാണ്. രണ്ടു ദിവസത്തെ ജൽസയായിരിക്കും. നാളെ സമാപന സമ്മേളനത്തിൽ ഞാൻ അഭിസംബോധന ചെയ്യുന്നതാണ്, ഇൻശാ അല്ലാഹ്. അല്ലാഹു ഈ ജൽസയെ അനുഗ്രഹപൂർണ്ണമാക്കട്ടെ.(ആമിൻ)

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ അയ്യദഹുല്ലാഹ് പരേതരായ ബഹുമാന്യ ഖമറുദ്ദീൻ സാഹിബ് മുബല്ലിഗ് സിൽസില ഇന്തോനേഷ്യ, സുൽത്താൻ ഹാറൂൻ ഖാൻ സാഹിബിന്റെ ഭാര്യയായ ബഹുമാന്യ സ്വബീഹ ഹാറൂൻ സാഹിബ എന്നിവരെ അനുസ്മരിക്കുകയും അവരുടെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Jalsa Gah, Hadeeqatul Mahdi, Alton, UK – on 08-10-2021
Malayalam Translation: **K.Najmudheen** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516